# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ. /സി.5/343/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 24/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.5/343/2023 തീയ്യതി: 24/03/2023

## കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 20-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .രാജിലൻ എം സി | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2023 | 07-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2023 | 07-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷഹീൻ പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ കെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ധന്യ എം ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. എ. വി. സുശീല | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു.പി | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ മനോജ് കുമാർ എ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 05-07-2021 |
| ശ്രീ ചന്ദ്രൻ എൻ. വി | സെക്രട്ടറി | 06-07-2021 | 09-07-2021 |
| ശ്രീ പ്രീജിത്ത്.എൻ. | സെക്രട്ടറി | 10-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് കുമാർ കെ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീമതി മിനി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 06-07-2021 | 22-07-2021 |
| ശ്രീ ദിവാകരൻ ടി | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2021 | 31-07-2021 |
| ശ്രീമതി മിനി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2021 | 31-03-2022 |
| ശ്രീ പ്രസന്നൻ യു | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബബിത കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാപ്പിനിശ്ശേരി ഈസ്റ്റ് | 01-04-2021 | 15-09-2021 |
| ശ്രീമതി സീമ ഡി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാപ്പിനിശ്ശേരി ഈസ്റ്റ് | 16-09-2021 | 26-11-2021 |
| ശ്രീ രായപ്പൻ സ്റ്റാൻലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാപ്പിനിശ്ശേരി ഈസ്റ്റ് | 27-11-2021 | 31-03-2022 |
| ഡോ.അനീഷ് ബാബു | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.ഇ.വി സുധീർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. സജി കെ എസ് | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 17-05-2021 |
| ഡോ.സി.വി.മുരളീധരൻ | സീനിയർ വെറ്റിനറി സർജൻ | 18-05-2021 | 21-05-2021 |
| ഡോ. പ്രശാന്ത് വി | സീനിയർ വെറ്റിനറി | 22-05-2021 | 02-08-2021 |

| | | | |
|---|---|---|---|
| | സർജൻ | | |
| ഡോ കെ എസ് സുനിൽ | സീനിയർ വെറ്ററിനറി സർജൻ | 03-08-2021 | 31-03-2022 |
| ശ്രീ അനശ്രീ സദാനന്ദൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാപ്പിനിശ്ശേരി വെസ്റ്റ് | 01-04-2021 | 31-03-2022 |
| ശ്രീ. പ്രശോഭ് എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 26-07-2021 |
| ശ്രീ.അരവിന്ദ് ഇ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2021 | 26-11-2021 |
| അഷിന കെ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-11-2021 | 17-12-2021 |
| ശ്രീ ശ്രീരാഗ്. എം.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-12-2021 | 31-03-2022 |
| ശ്രീമതി.എ.പത്മജ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ വത്സൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| ശ്രീമതി ദിവ്യ കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 19-04-2021 | 31-03-2022 |
| ശ്രീമതി. രാജശ്രീ സി ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ് ടി.ആർ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) 2021-22 | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | ഗ്രാമ സഭ | 1-10 |
| 12 | വാടക- ഭരണസമിതി തീരുമാനം/ സർക്കാർ നിർദ്ദേശത്തിൽ നിന്നും അധികമായി വാടക ഇളവ് അനുവദിച്ചു.ഗ്രാമപഞ്ചായത്തിന് 28903 രൂപയുടെ വരവ് നഷ്ടം | 1-11 |
| 13 | മണൽ -പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| 14 | നികുതി നിർണ്ണയത്തിലെ അപാകങ്ങൾ | 1-13 |
| 15 | സാക്ഷ്യപത്രം ഹാജരാക്കാതെ വിമുക്തഭടൻമാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ് നൽകി | 1-14 |
| 16 | ഗ്രാമപഞ്ചായത്ത് ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല | 1-16 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചതിൽ നിന്നും അധികരിച്ച് നൽകിയ ₹15000 തടസ്സപ്പെടുത്തുന്നു. | 1-17 |
| 19 | ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പ്രോജക്ടുകൾ നടപ്പിലാക്കി | 1-18 |
| 20 | അതുല്യം പദ്ധതി - പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്. | 1-19 |
| 21 | മത്സ്യബന്ധനവല വിതരണം-രേഖകൾ ഹാജരാക്കിയിട്ടില്ല - ₹ 279860 തടസ്സപ്പെടുത്തുന്നു. | 1-20 |
| 22 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.₹47886 | 1-21 |

| | | |
|---|---|---|
| | (32139+15747)തടസ്സപ്പെടുത്തുന്നു. | |
| 23 | അങ്കണവാടി പോഷകാഹാരം - അധികം  അനുവദിച്ച ₹29085 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-22 |
| 24 | അങ്കണവാടി ന്യൂട്രിമിക്സ് - ജി എസ് ടി ടിഡി എസ് ഈടാക്കിയിട്ടില്ല | 1-23 |
| 25 | വനിത ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം - മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിര താമസക്കാർ ഉൾപ്പെട്ട ഗ്രൂപ്പിന് സബ്സിഡി അനുവദിച്ചു - ₹300000 തടസ്സപ്പെടുത്തുന്നു. | 1-24 |
| 26 | വയോജനങ്ങൾക്ക് ശ്രവണ സഹായി നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹189000 തടസ്സപ്പെടുത്തുന്നു. | 1-25 |
| 27 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്. | 1-26 |
| 28 | ആർജ്ജിതാവധി സറണ്ടർ - സർക്കാർ തുടർനിർദ്ദേശം വരുന്നതിന് മുമ്പ് അനുവദിച്ചു | 1-27 |
| 29 | കുടിവെള്ളക്കരം - സർക്കാർ നിർദ്ദേശം പാലിക്കാതെ ധനകാര്യ കമമീഷൻ അവാർഡ് ചെലവഴിച്ചു | 1-28 |
| 30 | വിവിധ പ്രോജക്ടുകളുടെ കൈപറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 1-29 |
| 31 | അരോളി സ്കൂൾ അംഗൻവാടി വൈദ്യുതീകരണം - അധികം നൽകിയ 2420 രൂപ നിരാകരിക്കുന്നു. | 1-30 |
| 32 | വേളാപുരം നരയൻകുളം ബാക്കിഭാഗം ഡ്രെയിനേജ് - അധികം നൽകിയ 2994 രൂപ നിരാകരിക്കുന്നു. | 1-31 |
| 33 | ഹോമിയോ ആശുപത്രി ചുറ്റുമതിൽ പുനർനിർമ്മാണം അധികം അധികം നൽകിയ 6345 രൂപ നിരാകരിക്കുന്നു. | 1-32 |
| 34 | കീച്ചേരി ബസ് സ്റ്റോപ്പ് ആലിൻ വളപ്പ് റോഡ് ടാറിംഗ് സൈഡ് പ്രോട്ടക്ഷൻ പ്രവൃത്തി കരാറുകാരനിൽ നിന്ന് കാലി ബാരൽവില ഈടാക്കിയിട്ടില്ല | 1-33 |
| | ഭാഗം **2** | |
| 1 | വാടക- ഭരണസമിതി തീരുമാനം/ സർക്കാർ നിർദ്ദേശത്തിൽ നിന്നും അധികമായി വാടക ഇളവ് അനുവദിച്ചു.ഗ്രാമപഞ്ചായത്തിന് 28903 രൂപയുടെ വരവ് നഷ്ടം | 2-1 |
| | ഭാഗം **3** | |
| 1 | അങ്കണവാടി പോഷകാഹാരം - അധികം  അനുവദിച്ച ₹29085 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | അരോളി സ്കൂൾ അംഗൻവാടി വൈദ്യുതീകരണം - അധികം നൽകിയ 2420 രൂപ നിരാകരിക്കുന്നു. | 3-2 |
| 3 | വേളാപുരം നരയൻകുളം ബാക്കിഭാഗം ഡ്രെയിനേജ് - അധികം നൽകിയ | 3-3 |

| | | |
|---|---|---|
| | 2994 രൂപ നിരാകരിക്കുന്നു. | |
| 4 | ഹോമിയോ ആശുപത്രി ചുറ്റുമതിൽ പുനർനിർമ്മാണം അധികം അധികം നൽകിയ 6345 രൂപ നിരാകരിക്കുന്നു. | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിവരം അംഗീകരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | 2021-22 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ / തീയ്യതി | 70/2021, 20/02/2021 | 72/2022, 26/03/2022 |
| മുന്നിരിപ്പ് | 31739626 | 43537603 |
| വരവ് | 232114097 | 153537480 |
| ആകെ | 263853723 | 197075083 |
| ചെലവ് | 254751727 | 157148451 |
| നീക്കിയിരിപ്പ് | 9101996 | 39926632 |

## 1-2 വാർഷിക ധനകാര്യ പത്രിക

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 12/07/2022 ലെ 158/2022നമ്പർ ഭരണസമിതി തീരുമാന പ്രകാരം വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചിട്ടുണ്ട്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 26.07.2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. 2020-21 വർഷത്തെ താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് അല്ല 2021-22 വർഷത്തെ മുന്നിരിപ്പ് ആയി വന്നിട്ടുള്ളത്.

| ക്രമ നം. | ബാങ്ക് / അക്കൗണ്ട് നം. | 2020-21ലെ നീക്കിയിരിപ്പ് | 2021-22 ലെ മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | ഇന്ത്യൻ ബാങ്ക് A/c No.6054054563 | ₹12519409 | ₹12468352 | ₹51057 |
| 2 | പാപ്പിനിശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A/c No.122 | ₹26768133 | ₹27389053 | ₹620920 |

2. FTE&OS കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| 2020-21 ലെ അഡ്വാൻസ് കളക്ഷൻ (B-9 ഷെഡ്യൂൾ) | 2021-22 വർഷത്തെ ഡിമാന്റ് | വരവ് | അഡ്ജസ്റ്റ് ചെയ്തത് | ബാലൻസ് | 2021-22 ലെ അഡ്വൻസ് കളക്ഷൻ (B-9 ഷെഡ്യൂൾ) | 2021-22 വർഷത്തെ അഡ്വാൻസ് കളക്ഷൻ ആകേണ്ടത് | AFS പ്രകാരം 2021-22 വർഷത്തെ അഡ്വാൻസ് കളക്ഷൻ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | (B-9 ഷെഡ്യൂൾ) |
| 553500 | 455100 | 141300 | 313800 | 239700 | 305500 | 545200 | 308500 |

3.ചുവടെ ചേർത്തിട്ടുള്ള ഇനങ്ങളുടെ മുന്നിരിപ്പ് വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | AFS പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 1 | ലൈബ്രറി ഗ്രാന്റ് | 38700 | 59600 | 98300 | 28200 | 70100 | 47250 |
| 2 | അദർ ലയബിലിറ്റീസ് (കോഡ്-320100999) | 868297 | 11936371 (RP-30) | 12804668 | 11854962 (RP-30) | 949706 | 0 |
| 3 | സാക്ഷരത | 0 | 51001 | 51001 | 0 | 51001 | 71235 |
| 4 | ദേശീയ അവാർഡ് തുക | 1656177 | 150000 | 1806177 | 0 | 1806177 | 2075405 |
| 5 | നാഷണൽ ഹെൽത്ത് മിഷൻ | 100000 | 0 | 100000 | 0 | 100000 | 42466 |
| 6 | ടി എസ് സി | 3142485 | 42968 | 3185453 | 1505755 | 1679698 | 833545 |
| 7 | ലൈബ്രറി സെസ് | 258467 | 324663 | 583130 | 310364 | 272766 | 285028 |

4. ഡെപ്പോസിറ്റ് പ്രവ്യത്തിയിനത്തിൽ വിവിധ ഏജൻസികൾക്ക് നൽകിയതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതുമായ തുകയുടെ വിവരം B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സ്ഥാപനം | അനുവദിച്ച തുക |
|---|---|---|
| 1 | KSEB | 135539 (Proj.No.135/22) |
| 2 | KWA | 190000 (Proj.No.199/22) |
| 3 | ജലജീവൻ മിഷൻ | 1000000 (Proj.N0.38/22) |

5. RP-5 പ്രകാരം ടെണ്ടർ ഫോറങ്ങളുടെ വിൽപന ഇനത്തിൽ ₹139500 വരവുണ്ട്. ടെണ്ടർ ഫോറം ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. RP-5 പ്രകാരം Sale Of Sand '₹1881500രൂപ വരവുണ്ട്. Sale Of Sand സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. B-11, I-17(a) പ്രകാരം ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. B-9 ഷെഡ്യൂളിൽ ജനപ്രതിനിധികളുടെ ഹോണറേറിയം, കരാർ ജീവനക്കാരുടെ വേതനം എന്നിവ ബാധ്യതയായി കാണിച്ചിട്ടില്ല.

9. അങ്കണവാടി പോഷകാഹാരം എന്ന പദ്ധതിയിൽ വികസന ഫണ്ട് അടങ്കൽ ₹1650000, ചെലവ് ₹1672000ആണ്. അടങ്കലിലും അധികം ചെലവ് വന്നതിന് കാരണം വ്യക്തമായിട്ടില്ല

10. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഇനത്തിൽ ഡിമാന്റ് & കളക്ഷൻ ₹2700 ആണ്. എന്നാൽ സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരം ഇത് ₹2050 ആണ്.

11.Bidders EMDഇനത്തിലെ നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം ₹29630യും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം

₹29030 യും വ്യത്യാസം വിശദീകരിക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/5.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

12. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ ഇൻകം കാലക്കുലേഷൻ മിസ്റ്റേക്ക് ഉണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46665489 |
| ഓഡിറ്റ് വർഷത്തെ വരവ് | 146573156 |
| ആകെ | 193238645 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 155989108 |
| നീക്കിയിരിപ്പ് | 37249537 |
| വരവിനങ്ങളിലെ നഷ്ടം | 28903 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40844 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 831746 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം) 2021-22

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 18419000 | 18419000 | 18419000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | - | 6212277 | 6212277 | 61,98,000 | 14,277 |
| വികസന ഫണ്ട്-ടി.എസ്.പി | - | - | - | - | - |
| മെയിന്റനൻസ് ഫണ്ട് റോഡ് | - | 5606000 | 5606000 | 5588193 | 17807 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | - | 6680610 | 6680610 | 6405192 | 275418 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | - | 3488411 | 3488411 | 3430000 | 58411 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | - | 5145000 | 5145000 | 5145000 | Nil |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1. Award And Honours | 2000000 | 1500000 | 3500000 | 1424595 | 2075405 |
| 2. National Health Mission | 42466 | 0 | 42466 | 0 | 42466 |
| 3. SSA | 35385 | - | 35385 | - | 35385 |
| 4. ICDS – Central Share | 527 | 2070367 | 2070894 | 2070894 | 0 |
| 5. Total Sanitation | 3261024 | 159351 | 3780375 | 2946830 | 833545 |
| 6. Swachh Bharath Abhiyan | - | 60000 | 60000 | 60000 | 0 |

| | | | | | |
|---|---|---|---|---|---|
| 7ICDS | 527 | 1085826 | 1086353 | 1086353 | 0 |
| 8. MGNRGES | | | | | |
| ഭരണചെലവുകൾ | 43070 | 355850 | 398920 | 398920 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13843374 | 13843374 | 13843374 | 0 |
| ആകെ | 43070 | 14199224 | 14242294 | 14242294 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1..Library Grant | 38700 | 59600 | 106300 | 50150 | 47250 |
| 2. Vimokthi Grant | 13422 | - | 13422 | - | 13422 |
| 3. Life Mission | - | 800000 | 800000 | 460000 | 340000 |
| 4. P.N Panicker Foundation Fund | 100000 | - | 100000 | - | 100000 |
| 5കില പരിശീലനം | 0 | 11610 | 11610 | 11610 | 0 |
| 6.മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് | 25,00,000 | 0 | 25,00,000 | 2495562 | 4438 |
| 7.ബഡ്സ് സ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ് | 0 | 466950 | 466950 | 0 | 466950 |
| 8.സാക്ഷരത | 0 | 71235 | 71235 | 71235 | 0 |
| വീട്ട് വളപ്പിൽ മത്സ്യകൃഷി | 0 | 60187 | 60187 | 60187 | 0 |

കുറിപ്പ് - ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുക വരവ് വാർഷിക കണക്കിലെ RP-30 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ക്രമ നമ്പർ 2, 5, 7 സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ ക്രമ നമ്പർ 4,8 എന്നിവയിൽ എ.സി.ആർ പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയത്. മുൻവർഷത്തെ വാർഷിക കണക്കിലെ അപാകങ്ങൾ പരിഹരിക്കുന്നതിന് ക്രമീകരിച്ചത് കാരണം തൻവർഷത്തെ മുന്നിരിപ്പ്, വരവ് എന്നിവ വാർഷിക കണക്കിലെ മുന്നിരിപ്പ് വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. മേൽ അപാകങ്ങൾ വാർഷിക കണക്കിലെ അപാകങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിത് (എണ്ണം) | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2021-22 | 178 | 159 | 23 | 136 | 19 | 76.40 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 37 | 32 | 9995203 | 6763681 | 67.67 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 969306 | 837930 | 86.45 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 53 | 45 | 33984167 | 23328673 | 68.65 |

| | | | | | | |
|---|---|---|---|---|---|---|
| 4 | കൃഷി ഓഫീസർ | 17 | 17 | 7947952 | 6925503 | 87.14 |
| 5 | വി.ഇ.ഒ. പാപ്പിനിശ്ശേരി വെസ്റ്റ് | 7 | 6 | 7878222 | 3895878 | 49.45 |
| 6 | വി.ഇ.ഒ. പാപ്പിനിശ്ശേരി ഈസ്റ്റ് | 17 | 15 | 19831185 | 12216684 | 61.60 |
| 7 | മെഡിക്കൽ ഓഫീസർ CHC | 6 | 6 | 1462287 | 1304247 | 89.19 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 900000 | 800000 | 88.89 |
| 9 | വെറ്റിനറി സർജൻ | 8 | 8 | 3073045 | 3062245 | 99.65 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 12 | 7822279 | 7305740 | 93.40 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 932181 | 844000 | 90.54 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 3 | 1690632 | 762761 | 45.12 |
| 13 | ഹെഡ് മാസ്റ്റർ | 9 | 8 | 4651648 | 4474468 | 96.19 |
| | ആകെ | 178 | 159 | 101138107 | 72521810 | 71.71 |

## 1-6 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 43070 | 355850 | 398920 | 398920 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് - മെറ്റീരിയൽ ചെലവ് ഉൾപ്പെടെ | 0 | 13843374 | 13843374 | 13843374 | 0 |
| ആകെ | 43070 | 14199224 | 14242294 | 14242294 | 0 |

2021-22 വർഷം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ , തൻവർഷ പദ്ധതികൾ) |
|---|---|---|
| 384 | 168 | 48 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 106 |

| | | |
|---|---|---|
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2352 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 712 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 254 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 99.85 |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 40414 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3916000 | 229 |
| തൊഴിൽ രഹിത വേതനം | 0 | 0 |
| വിധവാ പെൻഷൻ | 19069600 | 1232 |
| വാർദ്ധക്യകാല പെൻഷൻ | 49978500 | 3254 |
| ഭിന്നശേഷി പെൻഷൻ | 5587400 | 350 |
| 50 വയസ്സ് കഴിഞ്ഞവർക്കുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2297100 | 144 |
| വിവാഹ ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-03-2023 ന് 11.00 Am സമയത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹849യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. എല്ലാ മാസങ്ങളിലും ഓഫീസ് യോഗം ചേരുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും, ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. മണൽ വരവിന്റെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവയിൽ വാർഷീക സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇൻകുമ്പൻസി രജിസ്ററർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനായുള്ള ബൈലോക്ക് നാളിതുവരെ സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭരണസമിതി മിനുട്ട്സുകൾ യഥാസമയം ക്ലോസ് ചെയ്യുന്നില്ല.

06.11.2021 തീയതിയിലെ സ.ഉ.(കൈ)261/2021/തസ്വഭവ ഉത്തരവ് പ്രകാരമുള്ള വാടക ഇളവ് അനുവദിക്കുന്നതിനുള്ള തീരുമാനം 05.10.2021 തീയതിയിലെ ഭരണസമിതി യോഗത്തിന്റെ മിനുട്ട്സിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് തീയതിക്ക് മുമ്പുള്ള ഭരണ സമിതി യോഗത്തിൽ വാടക ഇളവ് തീരുമാനം രേഖപ്പെടുത്തിയതിൽ നിന്നും സകർമ്മ മിനുട്ട്സുകൾ യഥാസമയം ക്ലോസ് ചെയ്യുന്നില്ലെന്ന് വ്യക്തമാണ്. അപാകം ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ ആകെ 20 വാർഡുകൾ ഉണ്ട്. 2021-22 സാമ്പത്തിക വർഷം ഒരു തവണ മാത്രമാണ് ഗ്രാമ സഭ ചേർന്നിട്ടുള്ളത്. 2022 ജനവരി മാസത്തിൽ ആണ് ഗ്രാമ സഭ ചേർന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3 പ്രകാരം വർഷത്തിൽ മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമ സഭ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് ഗ്രാമസഭ യോഗം കൂടുന്നതിൽ കുറവ് വന്നത്.

## 1-11 വാടക- ഭരണസമിതി തീരുമാനം/ സർക്കാർ നിർദ്ദേശത്തിൽ നിന്നും അധികമായി വാടക ഇളവ് അനുവദിച്ചു.ഗ്രാമപഞ്ചായത്തിന് 28903 രൂപയുടെ വരവ് നഷ്ടം

വാടക വരവിനവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സർക്കാർ അംഗീകൃത ബൈലോ നിലവിലില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.10.1991 തീരുമാനം നമ്പർ 142/91 പ്രകാരം അംഗീകരിച്ച ബൈലോ പ്രകാരമാണ് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് . എന്നാൽ ബൈലോയ്ക്ക് സർക്കാർ അംഗീകാരം നാളിതുവരെ ലഭിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. ബൈലോ പ്രകാരമുള്ള പരസ്യലേലം നടത്തി മുറികളുടെ വാടക കാലികമാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8.10.1991 തീരുമാനം നമ്പർ 142/91 പ്രകാരം അംഗീകരിച്ച പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോയിലെ ക്രമനമ്പർ 5 പ്രകാരം മുറികൾ കൈവശം വയ്ക്കാനുള്ള അധികാരം വർഷാവർഷം മാർച്ച് 31ന് അവസാനിക്കുന്ന വിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നൽകുക . ക്രമനമ്പർ 6 പ്രകാരം പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക നിശ്ചയിച്ച് വീണ്ടും മുൻവാടകക്കാരന് തന്നെ ലേലം കൂടാതെ ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി മുറികൾ വാടകയ്ക്ക് നൽകാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കും. എന്നിരുന്നാലും ഡെപ്യൂട്ടി ഡയറക്ടറുടെ മുൻഅനുവാദമില്ലാതെ തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ ഇപ്രകാരം ലേലം കൂടാതെ നൽകുവാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്റർ, എഗ്രിമെന്റ് എന്നിവ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ മൂന്നുവർഷം കൂടുമ്പോൾ പരസ്യ ലേലം കൂടാതെ പഴയ വാടകക്കാർക്ക് തന്നെ 10% വർദ്ധന വരുത്തി മുറികൾ വാടകയ്ക്ക് നൽകി വരികയാണ് ചെയ്യുന്നത്. ഈടാക്കി വരുന്ന വാടക തുക കുറവായതിനാൽ 3 വർഷം കൂടുമ്പോളുള്ള 10% വർദ്ധനവ് കാര്യമായ വരുമാന വർദ്ധനവിന് കാരണമാകുന്നില്ല. കണ്ണൂർ നഗരത്തിന് അടുത്തും നാഷണൽ ഹൈവേയോട് ചേർന്നും കിടക്കുന്ന സ്ഥലമായതിനാൽ നിലവിൽ ഈടാക്കി വരുന്ന വാടക കുറവാണോയെന്ന് പരിശോധിച്ച്, പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3.ഭരണസമിതി തീരുമാനം/ സർക്കാർ നിർദ്ദേശത്തിൽ നിന്നും അധികമായി വാടക ഇളവ് അനുവദിച്ചു.

സ.ഉ.(സാധാ) നമ്പർ 1015/*2021/*തസ്വഭവ തീയതി 19.05.2021 ഉത്തരവ് പ്രകാരം കോവിഡുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ഡൗൺ മൂലം തുറന്നു പ്രവർത്തിക്കാൻ സാധിക്കാതിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാടക ഇളവ് നൽകുന്നതിന് നിബന്ധനകൾക്ക് വിധേയമായി തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനായി ലോക്ഡൗൺ കാലയളവിൽ സ്ഥാപനം പ്രവർത്തിച്ചിരുന്നില്ലെന്ന വാടകക്കാരൻ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ മെയ്, ജൂൺ മാസങ്ങളിൽ നികുതി ഇളവ് അനുവദിച്ച കെട്ടിടങ്ങളുടെ വാടകക്കാർ സമർപ്പിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ(കൈ)261/2021/തസ്വഭവ തീയതി 06.11. 2021 പ്രകാരം കോവിഡ് രണ്ടാം തരംഗത്തിൽ പ്രത്യാഘാതം അനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവർ ഉൾപ്പെടെയുള്ളവർക്ക് സഹായകരമാകുന്നതിനായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്നതും വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ കടമുറികളുടെ വാടക അവരവരുടെ ധനസ്ഥിതി പരിഗണിച്ച് 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ ഒഴിവാക്കി നൽകുന്നതിന് അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 5.10.2021 തീയതിയിലെ 9/228/2021 നമ്പർ തീരുമാനപ്രകാരം ലോക്ഡൗൺ കാലയളവിൽ പ്രവർത്തിക്കാതിരുന്ന സ്ഥാപനങ്ങൾക്ക് മെയ് ,ജൂൺ മാസങ്ങളിൽ വാടക ഇളവ് നൽകാനും സ.ഉ(കൈ)261/2021/തസ്വഭവ തീയതി 06.11. 2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെയുള്ള കാലയളവിലെ 3 മാസത്തെ വാടക ഒഴിവാക്കി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 06.11.2021-ലെ ഉത്തരവ് പ്രകാരമുള്ള ഇളവ് 05.10.2021 തീയതിയിലെ ഭരണസമിതി യോഗത്തിൽ അംഗീകരിച്ചത് ഗുരുതരമായ

അപാകമാണ്. സർക്കാർ ഉത്തരവ്, ഭരണസമിതി തീരുമാനം എന്നിവ പ്രകാരം ഓഡിറ്റ് വർഷം മെയ് മുതൽ ഡിസംബർ വരെ ആകെ 5 മാസത്തെ വാടക ഇളവ് മാത്രമേ നൽകാൻ പാടുള്ളൂ. ആയതിൽ നിന്നും വ്യത്യസ്തമായി താഴെപറയുന്ന കെട്ടിട ഉടമകൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | വാർഡ് നം/കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | ഇളവനുവദിച്ച കാലയളവ് | സർക്കാർ ഉത്തരവ്, ഭരണസമിതി തീരുമാനത്തിൽ നിന്നും അധികമായി ഇളവ് അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|---|
| 1 | 14/394 | എം കെ സുരേഷ് | 4708 | 2/2022,3/2022 | 2/2022,3/2022 | 2*4708=9416 |
| 2 | 14/397 | കെ ഷിജി | 4334 | 5/21 To 10/21 (6 മാസം) | 10/21 | 1*4334=4334 |
| 3 | 14/399 | സെക്രട്ടറി കോ-ഓപ്പറേറ്റീവ് ബാങ്ക് പാപ്പിനിശ്ശേരി | 4400 | 12/21 To 2/22 | 1/22, 2/22 | 2*4400=8800 |
| 4 | 14/408 | ബാബു കാപ്പാടൻ | 1001 | 4/21,5 /21,6/21,10/21 To 12/21 | 4/21 | 1*1001=1001 |
| 5 | 14/421 | സെക്രട്ടറി മേജർ യൂത്ത് ക്ലബ് | 407 | 5/21 To 9/21, 1/22,2/22 | 1/22,2/22 | 2*407=814 |
| 6 | 16/754 | വി ഹാഷിം | 550 | 3/2022 | 3/2022 | 1*550=550 |
| 7 | 16/756 | വി ഹാഷിം | 836 | 3/2022 | 3/2022 | 1*836=836 |
| 8 | 16/755 | മുഹമ്മദ് ബഷീർ | 704 | 3/2022 | 3/2022 | 1*704=704 |
| 9 | 17/591 | സെക്രട്ടറി സൗഭാഗ്യ കുടുംബശ്രീ | 424 | 3/2022 | 3/2022 | 1*424=424 |
| 10 | 16/757 | ഇ കെ ബഷീർ | 990 | 3/2022 | 3/2022 | 1*990=990 |
| 11 | 16/758 | പാറക്കൽ അബ്ദുള്ള | 1034 | 4/21,5 /21,6/21,9/21 To 11/21 | 4/21 | 1*1034=1034 |
| | | | | ആകെ | | 28903 |

സർക്കാർ ഉത്തരവ്, ഭരണസമിതി തീരുമാനത്തിൽ നിന്നും വിരുദ്ധമായി അനുവദിച്ച 28903 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 മണൽ -പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് മണൽ ഖനനം. നിലവിൽ ബഹു ഹൈക്കോടതി നിർദ്ദേശം പാലിച്ച് കൊണ്ട് മണൽ ഖനനം പൂർണമായും നിർത്തിയിട്ടാണുള്ളത്. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8.2.2022ലെ 22 /2022 നമ്പർ തീരുമാനപ്രകാരം അഴീക്കൽ ഉറമുഖം -മാനുവൽ ഡ്രെഡ്ജിങ് - പുതിയ 3 മണൽവാരൽ

കടവുകൾ തുടങ്ങുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് . കേരള മാരിടൈം ബോർഡ് അഴീക്കൽ പോർട്ട് ഓഫീസറുടെ 31.12.2019 ലെ എ3/ 1820/2017 നമ്പർ കത്ത് പ്രകാരം ഒരു മാനുവൽ ഡ്രെഡ്ജിങ് കടവ് പുതുതായി തുടങ്ങാനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 4/5/2020ലെ 298 / 17/എ1 കത്ത് പ്രകാരം രണ്ടു മാനുവൽ ഡ്രെഡ്ജിങ് കടവുകൾ കൂടി ആരംഭിക്കുന്നതിന് ആവശ്യമായ സൈറ്റുകൾ കണ്ടെത്തി സംയുക്ത പരിശോധന നടത്തുന്നതിനും മാനുവൽ ഡ്രെഡ്ജിങ് പ്രവർത്തിക്കാവശ്യമായ തോണികൾക്ക് ലൈസൻസ് എടുക്കുന്നതിനും തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും കടവുകൾ ക്ലീനിങ്/ഫിൽട്ടറിംഗ് പ്രവർത്തികൾ നടത്തുന്നതിന് ഇ-ടെണ്ടർ ആരംഭിച്ച് പ്രവൃത്തി തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/06.03.2023) മറുപടിയായി മേൽ കത്തുകൾ പ്രകാരം കടവുകൾക്കുള്ള പ്രാരംഭപ്രവൃത്തികൾ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും അനുയോജ്യമായ സ്ഥലം വളപട്ടണം പുഴയോരത്ത് ലഭ്യമാകാത്തതിനാലാണ് പുതിയ കടവ് തുടങ്ങാതിരുന്നതെന്നും ബഹു. കേരള ഹൈക്കോടതി വിധി പ്രകാരം എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് സ്റ്റഡി റിപ്പോർട്ടും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റും കടവുകളുടെ തുടർ പ്രവർത്തനത്തിന് ആവശ്യമായതിനാൽ നിലവിലുള്ള കടവുകളുടെ പ്രവർത്തനം 17.05.2022 ന് നിർത്തിവെക്കേണ്ടി വന്നിട്ടുണ്ടെന്നും ആയതിനാലാണ് പുതിയ കടവുകൾ ആരംഭിക്കാതിരുന്നതെന്നും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറക്കും കടവുകളുടെ പ്രവർത്തനം ബഹു ഹൈക്കോടതിയുടെ നിർദ്ദേശം പാലിച്ചും പുതിയ കടവുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് സ്റ്റഡി റിപ്പോർട്ടും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ |
|---|---|---|---|
| 1 | 1/487 | മുളക്കക്കുടി ജനാർദ്ദനൻ | 120 |
| 2 | 3/7 | തോട്ടിലെ പീടികയിൽ റാബി | 67 |
| 3 | 11/172 | പണ്ണേരി നാരായണൻ | 100 |

മേൽ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/07.03.2023) മറുപടിയായി അസസ്മെന്റ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടങ്ങൾ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളാണെന്നും വിവര സഞ്ചയിക പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടേയും നിലവിലെ സ്ഥിതി പരിശോധിച്ച് വരുന്നുണ്ടെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പരിഷ്കരിച്ച നികുതി ചുമത്തി ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 സാക്ഷ്യപത്രം ഹാജരാക്കാതെ വിമുക്തഭടൻമാരുടെ വീടുകൾക്ക് വസ്തുനികുതി ഇളവ് നൽകി

സ ഉ(കൈ)നം. 106/2017/ തസ്വഭവ തീയതി 26.05.2017 ഉത്തരവിലെ ക്രമ നമ്പർ 2 പ്രകാരം വിമുക്തഭടൻമാരുടെ 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ക്രമ നമ്പർ 3 പ്രകാരം നികുതി ഇളവ് ലഭ്യമാകുന്നതിനായി കെട്ടിട ഉടമ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം ഓരോ വർഷവും മാർച്ച് 31 ന്

മുമ്പായി തദ്ദേശ സ്വയംഭരണമേധാവിക്ക് നൽകേണ്ടതാണ്. നികുതി ഇളവ് അനുവദിച്ച താഴെപറയുന്ന കെട്ടിട ഉടമകളുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/48 | തോട്ടത്തിൽ ജാനകി |
| 2 | 1/471 | പി.വി.പ്രദീപ് കുമാർ |
| 3 | 2/227 | കെ. ചന്ദ്രൻ |
| 4 | 2/468 | കോട്ടക്കുന്നുമ്മൽ മെഹറുന്നീസ |
| 5 | 5/90 | താഴെ വീട്ടിൽ വിജയൻ |
| 6 | 7/287 | കണ്ണോത്ത് വീട്ടിൽ ശോഭന |
| 7 | 7/353 | വയക്കര പടന്നക്കാട്ട് സുമതി |
| 8 | 8/264 | എരുമ്മൽ ശൈലജ |
| 9 | 13/587 | ബി.പി. സുഹറാബി |
| 10 | 15/445 | എ. കെ. നാരായണൻ |
| 11 | 15/107 | കാരത്തുറ് ലൂസി |
| 12 | 16/172 | കല്ലക്കുടിയൻ സുരേശൻ |
| 13 | 16/249B | തോലൻറകത്ത് മുസ്തഫ |

സാക്ഷ്യപത്രം ഹാജരാക്കാതെ നികുതി ഇളവ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (38/07.03.2022) മറുപടിയായി ടി വ്യക്തികൾ നികുതി ഇളവിനായി സാക്ഷ്യപത്രം ഹാജരാക്കിയിരുന്നുവെന്നും ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-15 ഗ്രാമപഞ്ചായത്ത് ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ലൈബ്രറി പ്രവർത്തനം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.ഗ്രന്ഥശാല നിയമാവലിക്ക് സർക്കാരിന്റെ അംഗീകാരമില്ല.

കേരളസ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മറ്റി 20-07-1995 തീയതിയിൽ അംഗീകരിച്ച ഗ്രന്ഥശാല നിയമാവലിക്ക് 22-10-1998 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 296/98 നമ്പർ തീരുമാനപ്രകാരമാണ് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ നിയമാവലിക്ക് സർക്കാരിന്റെ (പഞ്ചായത്ത് ഡയറക്ടറുടെ) അംഗീകാരം ലഭ്യമായിട്ടില്ല.

2)ലൈബ്രറി പുസ്തകങ്ങളുടെ വാർഷിക സ്റ്റോക്കെടുപ്പ് നടത്തുന്നില്ല

ലൈബ്രറി പുസ്തകങ്ങളുടെ ഭൗതിക പരിശോധന വർഷാവസാനം നടത്തേണ്ടതും പുസ്തകങ്ങളുടെ സ്ഥിതിവിവരകണക്കുകൾ പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതും സെക്രട്ടറിയും ലൈബ്രേറിയനും റിപ്പോർട്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാർഷിക സ്റ്റോക്കെടുപ്പ് നടത്തുന്നില്ലെന്ന് വ്യക്തമായിട്ടുണ്ട്.

3)പ്രവേശനഫീസും വരിസംഖ്യയും ഉൾപ്പെടുത്തി നിയമാവലി പരിഷ്കരിക്കാവുന്നതാണ്.

നിയമാവലിയിലെ ഇനം 19 പ്രകാരം അംഗത്വത്തിന് പ്രവേശനഫീസും വരിസംഖ്യയും ഈടാക്കുന്നതല്ലെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് നിശ്ചിത തുക ഈയിനത്തിൽ ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാവുന്നതാണ്.

4)ലൈബ്രറി ഡിജിറ്റലൈസേഷൻ

A) ലൈബ്രറി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ 13683 ബുക്കുകളാണ് ഉള്ളത്. ഇതിൽ 1683 ബുക്കുകൾ റൈറ്റ് ഓഫ് ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും 10511 ബുക്കുകളാണ് ഡാറ്റാഎൻട്രി

നടത്തിയിട്ടുള്ളത്. ബുക്കുകളുടെ ക്ലാസിഫിക്കേഷൻ, ഡാറ്റാ എൻട്രി എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല

B) ലൈബ്രറി വരിക്കാരുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ എൻട്രി വരുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (39/07.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 123/22 (SO) |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ | ₹247000 വികസനഫണ്ട് SCP<br>₹16515 തനത് ഫണ്ട്<br>ആകെ ₹263515 |
| ചെലവ്/ബിൽ നം/തുക | ₹247000 , 1/25.06.2021 |

മേൽ പ്രോജക്ടിന്റെ ഭാഗമായി 2020-21 വർഷത്തെ 9 ഗുണഭോക്താക്കൾക്ക് 21- 22 വർഷം ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് പ്രകാരം ലാപ്പ്ടോപ്പ് ലഭിച്ച മഞ്ജിമ മോഹനൻ ടി , സംഗീത് എം, നയന കെ, അതുല്യ എന്നീ വിദ്യാർത്ഥികളുടെ കോഴ്സ് 2020-21 വർഷം തന്നെ പൂർത്തിയായിട്ടുണ്ട്. ഗുണഭോക്താക്കളുടെ പഠനാവശ്യങ്ങൾക്ക് ഉപകരിക്കും വിധം ഉപകരണങ്ങൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 77/22 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ | ₹250000 വികസനഫണ്ട് SCP<br>₹31650 തനത് ഫണ്ട്<br>ആകെ ₹281650 |

| | |
|---|---|
| | |
| ചെലവ്/ബിൽ നം/തുക<br>ആകെ | ₹250000 , 4/22.09.2021<br>₹3485, 42100598/22.09.2021<br>₹253485 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് എന്ന മേൽ പ്രോജക്റ്റ് പ്രകാരം 9 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ₹253485 രൂപ കെൽട്രോണിന് മുൻകൂറായി നൽകുകയും വർക്ക് ഓർഡർ നൽകുകയും (നമ്പർ 25434/16.11.2021) ചെയ്തിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നുള്ള 26.3.2022-ലെ ITBG/RC /502/21-22 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡറിൽ പറഞ്ഞ പ്രകാരമുള്ള ലാപ്പ്ടോപ്പുകൾ ലഭ്യമല്ലാത്തതിനാൽ സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കില്ലെന്നും തുക തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . ആയത് പ്രകാരം തുക തിരികെ ലഭ്യമായിട്ടുണ്ട്. തിരികെ ലഭിച്ചതുകയിൽ, വികസനഫണ്ട് സഞ്ചിത നിധിയിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രോജക്റ്റ് നടപ്പിലാകാത്തതിനാൽ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാകാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. മേൽ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചതിൽ നിന്നും അധികരിച്ച് നൽകിയ ₹15000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ | 79/22 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1090000 വികസനഫണ്ട് SCP<br>₹28000 തനത് ഫണ്ട്<br>ആകെ ₹1118000 |
| ചെലവ്/ബിൽ നം/തുക | ₹460000 , 8/14.01.2022<br>₹580000, 9/29.01.2022<br>₹50000, 10/07.02.2022<br>ആകെ ₹1090000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന മേൽ പ്രോജക്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ട 52 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിസബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം 22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 7.2.5 പരാമർശിച്ചതിൽ നിന്നും അധികമായി തുക അനുവദിച്ചിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | അനുവദനീയമായ തുക | നൽകിയ തുക | അധികം |
|---|---|---|---|---|
| അയന.കെ | ബി എഡ് | 20000(ബിരുദം) | 30000 | 10000 |
| അഞ്ജലി | ഡി ഫാം | 15000 (മറ്റ് സർക്കാർ അംഗീകൃത കോഴ്സ്) | 20000 | 5000 |

സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും അധികമായി തുക അനുവദിച്ചതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/01.03.2023) മറുപടിയായി അയന കെ എന്ന വിദ്യാർത്ഥിക്ക് ബിരുദത്തിന് ശേഷമുള്ള കോഴ്സ് പഠിക്കുന്ന കുട്ടി എന്ന നിലയിലാണ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് നൽകുന്ന തുക നൽകിയതതെന്നും ഡി ഫാമിന് പഠിക്കുന്ന അഞ്ജലി എന്ന കുട്ടിക്ക് ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന കുട്ടി എന്ന നിലയിലാണ് പോളി ടെക്നിക് വിദ്യാർത്ഥികൾക്ക് നൽകുന്ന തുക നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച ₹15000 തടസ്സത്തിൽവെക്കുന്നു. അനുവദനീയമായ തുക സംബന്ധിച്ച് സർക്കാരിൽനിന്നും സ്പഷ്ടീകരണം തേടേണ്ടതാണ്.

## 1-18 ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന സ്ഥാപനങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പ്രോജക്ടുകൾ നടപ്പിലാക്കി

| | | |
|---|---|---|
| ക്രമ നമ്പർ | 1 | 2 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 80/22 | 220/22 |
| പ്രോജക്ടിന്റെ പേര് | സ്കൂളുകളിൽ ഫർണ്ണിച്ചർ വാങ്ങൽ | സ്കൂളുകളിൽ വാട്ടർ പ്യൂരിഫയിംഗ് സിസ്റ്റം |
| അടങ്കൽ<br>ആകെ | ₹6126തനത് ഫണ്ട്<br>₹1526000 മെയിന്റനൻസ് ഫണ്ട് റോഡിതരം<br>₹1532126 | ₹238000 വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ്/ബിൽ നം/തുക<br>ആകെ | ₹6126 , 4/22.09.2021<br>₹295790, 5/01.01.2022<br>₹1230210, 11/31.03.2022<br>₹1532126 | ₹238000, 461/26.03.2022 |

സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചറുകളും വാട്ടർ പ്യൂരിഫയിംഗ് സിസ്റ്റവും വാങ്ങി നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ടുകൾ. ടി പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. 220/22 പ്രോജക്ട് പ്രകാരം അരോളി ഗവ. ഹയർസെക്കന്ററി സ്കൂളിന് വാട്ടർ പ്യൂരിഫയിംഗ് സിസ്റ്റം നൽകിയിട്ടുണ്ട്. 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് മാത്രമാണ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ പെടുന്നത് .

2.പ്രോജക്ട് നമ്പർ 80/22 പ്രകാരം അരോളി ഗവ. ഹയർസെക്കന്ററി സ്കൂളിന് 15 ബെഞ്ച്, 15 ഡെസ്ക് എന്നിവ നൽകിയിട്ടുണ്ട്. 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടിക പ്രകാരം സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടേയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് മാത്രമാണ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽ പെടുന്നത് . സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവയുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതാണ് (അഞ്ചാം പട്ടിക ). സർക്കാർ ഉത്തരവ് 11/2018/തസ്വഭവ തീയതി 14.02.2018 (പദ്ധതി മാർഗ്ഗരേഖ) പ്രകാരം സർക്കാർ ഹൈസ്കൂളിനോട്/ ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ.പി സ്കൂളുകളുടെ പശ്ചാത്തലവികസന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നതിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്.

പഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത സ്ഥാപനങ്ങളിൽ തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/28.02.2023) മറുപടിയായി സർക്കാർ ഉത്തരവ് 11/2018/തസ്വഭവ തീയതി 14.02.2018 (പദ്ധതി മാർഗ്ഗരേഖ) പ്രകാരം സർക്കാർ ഹൈസ്കൂളിനോട്/ ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ.പി സ്കൂളുകളുടെ പശ്ചാത്തലവികസന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താമെന്നും സ്കൂൾ മേധാവി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അരോളി ഗവ. ഹയർസെക്കന്ററി സ്കൂളിന് ഡെസ്കും വാട്ടർ പ്യൂരിഫൈയിംഗ് സിസ്റ്റവും അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പ്രോജക്ടുകളിൽ ജില്ലാപഞ്ചായത്തിന്റെ അനുമതി ലഭ്യമായത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതികളിൽ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ഇത്തരം പദ്ധതികൾക്ക് ജില്ലാ പഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങിക്കേണ്ടതാണ്. അനുമതി വാങ്ങിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 അതുല്യം പദ്ധതി - പൂർത്തീകരണവിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 75/22 |
| പ്രോജക്ടിന്റെ പേര് | അതുല്യം പദ്ധതി |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് തുക/വൗച്ചർ നം, തീയതി | ₹42500, 22101612,31.03.2022 |

അതുല്യം പദ്ധതിയുടെ ഭാഗമായി ഹയർസെക്കൻഡറി തുല്യതാകോഴ്സിന് 10 പഠിതാക്കൾക്കും പത്താംതരം തുല്യതയ്ക്ക് 6 പഠിതാക്കൾക്കും ഭാഷാ കോഴ്സിസിനായി 4 പേർക്കുമായി ₹42500 സാക്ഷരതാ മിഷനിൽ ഫീസ് ഒടുക്കിയിട്ടുണ്ട്. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ/കോഴ്സ് പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(11/28.02.2023) മറുപടി ലഭ്യമാക്കിയില്ല. കോഴ്സ് പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-20 മത്സ്യബന്ധനവല വിതരണം-രേഖകൾ ഹാജരാക്കിയിട്ടില്ല - ₹ 279860 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ | 81/22 |
| പ്രോജക്ടിന്റെ പേര് | മത്സ്യബന്ധനവല വിതരണം |
| അടങ്കൽ<br>₹280000 | ₹100000 വികസനഫണ്ട്<br>₹40000 തനത്<br>₹140000 മറ്റുള്ളവ |
| ചെലവ് തുക ₹279860<br>ബിൽ നം/തീയതി | ₹100000 ,5/07.03.2022<br>₹39930 , 22101423/9.03.2022<br>₹139930 , 22101422/09.03.2022 |

മത്സ്യബന്ധന വല വിതരണം എന്ന മേൽ പ്രോജക്ടിന്റെ ഭാഗമായി 14 മത്സ്യത്തൊഴിലാളികൾക്ക് വലയും അനുബന്ധസാധനങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ)നം 22/2018/ത സ്വ ഭ വ തീയതി 14.2.2018 ഖണ്ഡിക 6.3. 7 പ്രകാരം ഉണഭോക്താവ് രജിസ്റ്റേഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും ലൈസൻസും ഉള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥർ ആയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വലയും അനുബന്ധ ഉപകരണങ്ങളും അനുവദിച്ച മത്സ്യത്തൊഴിലാളികൾ അംഗീകൃത രജിസ്ട്രേഷനും ലൈസൻസും ഉള്ള

പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥരാണ് എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. നാലുവർഷത്തിൽ ഒരിക്കൽ മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. വല അനുവദിച്ച ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ഇത് ലഭ്യമായിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/04.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകളുടേയും മറുപടിയുടേയും അഭാവത്തിൽ ചെലവ് തുകയായ ₹279860 തടസ്സപ്പെടുത്തുന്നു.

## 1-21 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണം നടത്തിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.₹47886 (32139+15747)തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ | 116/22 (SO) |
| പ്രോജക്ടിന്റെ പേര് | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി പടുതാക്കുളം |
| അടങ്കൽ ₹738000 | ₹98400 വികസനഫണ്ട് (പൊതുവിഭാഗം)<br>₹ 98400 സംസ്ഥാനാവിഷ്കൃതം<br>₹ 98400 ജില്ലാപഞ്ചായത്ത് വിഹിതം<br>₹442800 മറ്റുള്ളവ |
| ചെലവ് തുക ₹451406 | ₹98400, 1/20.07.2021 (വികസന ഫണ്ട്)<br>₹60187 സംസ്ഥാനാവിഷ്കൃതം വിഹിതം<br>₹ 21974 , 3/27.01.2022 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹ 270845 മറ്റുള്ളവ (നേരിട്ട് ചെലവഴിക്കുന്നത്) |

രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ശ്രീ രാജേഷ് കാനായി എന്ന ഗുണഭോക്താവിന് 32139 രൂപ നൽകിയിട്ടുണ്ട്. ആയതിന് അനുബന്ധമായ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

2..സംരംഭത്തിന്റെ നിലവിലെ സ്ഥിതിവിവരം വ്യക്തമാക്കിയിട്ടില്ല

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/04.03.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാലും മറുപടി ലഭ്യമാക്കാത്തിനാലും ₹32139 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ | 117/22 |
| പ്രോജക്ടിന്റെ പേര് | ബയോഫ്ലോക് പദ്ധതി (SO) |
| അടങ്കൽ<br>ആകെ | ₹110400 സംസ്ഥാനാവിഷ്കൃത വിഹിതം<br>₹32716 തനത് ഫണ്ട്<br>₹32716 ജില്ലാപഞ്ചായത്ത് വിഹിതം<br>₹496800 മറ്റുള്ളവ |

| | |
|---|---|
| | --------------<br>₹672632 |
| ചെലവ് (ബിൽ/വൗച്ചർ നമ്പർ തീയതി)<br>ആകെ | ₹15747 (22100800/25.10.2021)<br>₹15748 (4/27.01.2022)<br>----------------------------<br>₹31495 |

മേൽ പ്രോജക്ടിന്റെ ഭാഗമായി തനത് ഫണ്ടിനത്തിൽ അനുവദിച്ച 15747 രൂപയുടെ ബിൽ (TR 59 E) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക നൽകിയത് ആർക്കാണെന്നും വ്യക്തമല്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (28/04.03.2023) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹15747 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അങ്കണവാടി പോഷകാഹാരം - അധികം അനുവദിച്ച ₹29085 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| പ്രോജക്ട് നം. & പേര് | 9/2022,അങ്കണവാടി പോഷകാഹാരം | |
| അടങ്കൽ | ₹1650000 (വികസന ഫണ്ട്)<br>₹1212551 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹400000 (തനത് ഫണ്ട്)<br>₹3262551 | |
| ചെലവ് | ₹1674000 (വികസന ഫണ്ട്)<br>₹ 1212551 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹375666 (തനത് ഫണ്ട്)<br>₹3262217 | |
| ബിൽ നം.,വൌച്ചർ നം. തീയതി & തുക | 61/08.07.2021 | ₹455000 |
| | 111/14.09.2021 | ₹595000 |
| | 212/16.12.2021 | ₹285389 |
| | 217/20.12.2021 | ₹166214 |
| | 332/07.02.2022 | ₹148397 |
| | 420/19.03.2022 | ₹24000 |
| | 22100670/17.9.2021 | ₹62329 |
| | 22100927/16.11.2021 | ₹232725 |
| | 22100926/16.11.2021 | ₹368909 |
| | 22101333/18.2.2022 | ₹310582 |
| | 22101603/31.3.2022 | ₹470731 |
| | 22101600/31.3.2022 | ₹142941 |
| | ആകെ | ₹3262217 |

അങ്കണവാടി പോഷകാഹാരം എന്ന പദ്ധതിയുടെ ഭാഗമായി ഭക്ഷ്യധാന്യങ്ങളും അമൃതം ന്യൂട്രിമിക്സും വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് ബിൽ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയിസ് നം., തീയതി & തുക | അനുവദിച്ച തുക | അധികം അനുവദിച്ചത് | ബിൽ നം. , തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | തീരമൈത്രി സൂപ്പർ മാർക്കറ്റ് | 2824/23.6.2021 ₹184213 | '₹203053 | ₹18840 | 1.61/8.7.21 ലെ ₹455000 യിൽ ₹52551<br>2.22100670/17.9.2021- ₹62329<br>3.22100926/16.11.2021 ലെ ₹368909 യിൽ ₹69372<br>4.22100442/26.7.2021 ലെ ₹71381 യിൽ ₹18801<br>₹203053 |
| 2 | ജീവശ്രീ ന്യൂട്രിമിക്സ് യൂണിറ്റ് | 11/9.6.2021 ₹114108 | ₹124353 | ₹10245 | 61/8.7.21 ലെ ₹455000യിൽ ₹62351<br>217/20.12.2021 ലെ ₹166214യിൽ ₹52106<br>420/19.03.2022ലെ ₹24000യിൽ ₹9896<br>------<br>₹124353 |
| | അധികം അനുവദിച്ചത് | | | | ₹29085 |

ബിൽ തുകയേക്കാളും അധികം അനുവദിക്കാനുണ്ടായ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/3.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങൾക്ക് അധികം അനുവദിച്ച ₹29085 ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 അങ്കണവാടി ന്യൂട്രിമിക്സ് - ജി എസ് ടി ടിഡി എസ് ഈടാക്കിയിട്ടില്ല

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐ സി ഡിഎസ് സൂപ്പർവൈസർ | |
| പ്രോജക്റ്റ് നം. & പേര് | 9/2022, അങ്കണവാടി പോഷകാഹാരം | |
| അടങ്കൽ | ₹1650000 (വികസന ഫണ്ട്)<br>₹1212551 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹400000 (തനത് ഫണ്ട്)<br>₹3262551 | |
| ചെലവ് | ₹1674000 (വികസന ഫണ്ട്)<br>₹ 1212551 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹375666 (തനത് ഫണ്ട്)<br>₹3262217 | |
| ബിൽ നം., തീയതി & തുക | 61/08.07.2021 | ₹455000 |
| | 111/14.09.2021 | ₹595000 |
| | 212/16.12.2021 | ₹285389 |
| | 217/20.12.2021 | ₹166214 |
| | 332/07.02.2022 | ₹148397 |

| | | |
|---|---|---|
| | 420/19.03.2022 | ₹24000 |
| | 22100670/17.9.2021 | ₹62329 |
| | 22100927/16.11.2021 | ₹232725 |
| | 22100926/16.11.2021 | ₹368909 |
| | 22101333/18.2.2022 | ₹310582 |
| | 22101603/31.3.2022 | ₹470731 |
| | 22101600/31.3.2022 | ₹142941 |
| | ആകെ | ₹3262217 |

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ 19 അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 13,63,094രൂപയുടെ ന്യൂട്രിമിക്സ് ജീവശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിന്ന ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 19അങ്കണവാടികൾക്കായി ജീവശ്രീ അമൃതം ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം. & തീയതി |
|---|---|---|---|
| 1 | 9/3.4.2021 | ₹108675 | 61/08.07.2021 |
| 2 | 10/3.5.2021 | ₹108675 | |
| 3 | 11/4.6.2021 | ₹108675 | |
| 4 | 16/20.7.2021 | ₹108675 | 111/14.09.2021 |
| 5 | 20/11.8.2021 | ₹108675 | |
| 6 | 24/13.9.2021 | ₹108675 | |
| 7 | 28/8.10.2021 | ₹108675 | |
| 8 | 32/8.11.2022 | ₹108675 | 22100927/16.11.2021 |
| 9 | 36/17.12.2021 | ₹108675 | |
| 10 | 40/11.1.2022 | ₹108675 | 217/20.12.2021 |
| 11 | 44/25.2.2022 | ₹108675 | 332/07.02.2022 |
| 12 | 45/14.3.2022 | ₹102768 | 22101603/31.3.2022 |
| | ആകെ | ₹1298193 | |

